# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1756 — 14.07.2016- ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

**ചോദ്യം** — **മറുപടി**

**ശ്രീ.എസ്.ശർമ്മ**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം തടസ്സപ്പെട്ടുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും സജ്ജമാക്കിയിരുന്ന മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ 77 എണ്ണത്തിന്റെ പ്രവർത്തനം ടെസ്റ്റ് വർക്കിനു വേണ്ടിയുള്ള അറ്റകുറ്റപണികൾ, ഫെഡറേഷൻ നൽകി വരുന്ന കുറഞ്ഞ വേതന നിരക്കിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, ആവശ്യമായ അളവിൽ സ്റ്റോക്ക് എത്തിക്കാനുള്ള സാമ്പത്തിക പരിമിതികൾ മൂലമുണ്ടാകുന്ന വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത സ്റ്റോറുകൾ പുനരാരംഭിക്കുന്നതിനും സബ്സിഡി നിരക്കിൽ അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ നിർദ്ദേശവും, ആയതിലുള്ള ധനസഹായവും ലഭ്യമാക്കുന്ന പക്ഷം മൊബൈൽ ത്രിവേണികളിൽ അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും, ഘട്ടം ഘട്ടമായി മൊബൈൽ ത്രിവേണികളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി വിൽപ്പനയ്ക്ക് സജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ പുതുതായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനമോ, സഹകരണ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, വാടക രഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിയ്ക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ, സ്റ്റോറുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യത കൂടി പരിഗണിച്ച് ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ